
# ഇ–വാക്ക്








## ഡിജിറ്റൽ മാഗസിൻ

## 2019 - '20

## ലിറ്റിൽ കൈറ്റ്സ്

### സി.എച്ച്.എം.കെ.എം,എച്ച്.എസ്.കാവന്നൂർ



ഞങ്ങളുടെസ്ക്രൂൾ -(സി എച്ച് എം കെ എം എച്ച് എസ് എസ് കാവനൂർ)




സി.എച്ച്.എം.കെ.എം.എച്ച്.എസ്.കാവനൂർ,ലിറ്റിൽ കൈറ്റുകൾ




ഓണം-2019,പൂക്കളമത്സരത്തിൽ
നിന്ന്സി.എച്ച്.എം.കെ.എം.എച്ച്.എസ്.കാവന്നൂർ.




ലിറ്റിൽ കൈറ്റ്സ് കൊളാഷ്

## ആശംസ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിൻറെ ആഭിമുഖ്യത്തിൽ ഇ_വാക്ക് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു.ഈ സംരംഭത്തിന് എല്ലാവിധ പിന്തുണയും ആശംസകളും നേരുന്നു ഒപ്പം ഇതിൻറെ അണിയറ ശിൽപ്പികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും.

ഷാജു കുമാർ.കെ.പി

ഹെഡ്മാസ്റ്റർ

സി.എച്ച് എം കെ എം എച്ച് എസ് കാവനൂർ.

## ആശംസകൾ

തിരക്കുപിടിച്ച പഠന പ്രവർത്തനങ്ങൽക്കിടയിലും തങ്ങളുടെ സർഗ സിദ്ധികളെ ഡിജിറ്റൽ മാഗസിനിലൂടെ വെളിപ്പെടുത്തിയ എല്ലാക്കുട്ടുകാർക്കും നന്മകൾ നേരുന്നു.

-കൈറ്റ് മ്സ്റ്റർ

അബ്ദുറഹ്മാൻ

പഴയകാലത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കാൾ ഒരുപാട് മാറ്റങ്ങൾ ആണ് ഇന്നത്തേത് ഐടി വിപ്ലവത്തിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും ഒരേപോലെ ഉയർത്തിക്കൊണ്ടു പോവാൻ ലിറ്റിൽ കൈറ്റ്സ് കൊണ്ട് സാധിച്ചു.അതേസമയം പഠനം അന്നും ഇന്നും മാറ്റമില്ല. എല്ലാ പ്രതിസന്ധികളെയും മറികടന്ന് 2019 20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പരിപൂർണ്ണമായി ക്ലാസുകളിൽ പങ്കെടുത്ത് സ്വായത്തമാക്കിയ വിവര വിജ്ഞാനം ഡിജിറ്റൽ മാഗസിനു വേണ്ടി വിനിയോഗിച്ച എൻറെ വിദ്യാർഥികൾക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ നേരുന്നു.

ഹസീന ടീച്ചർ,

കൈറ്റ് മിസ്റ്റ്റസ്.

## അണിയറയിൽ

മുഖ്യ പത്രാധിപർ

ഷൈമ ജഹാൻ

പത്രാധിപന്മാർ

1. അഭിനവ്
2. ഫാത്തിമ നസ്റിൻ
3. മുസമ്മിൽ
4. വിസ്മയ

കവർ ചിത്രം

മന്യാദാസ്

## ഉള്ളടക്കം


പ്രളയം....................................................10
മഴ....................................................11
ജീവിതം....................................................12
സുചിത്വവും ആരോഗ്യവും....................................................13
പൗരത്വഭേദഗതി ഞങ്ങൾക്കും പറയാനുണ്ട്....................................................14
ഞങ്ങൾക്കും ഇവിടെ താമസിക്കണം....................................................15
എൻറെ ഒരു നള്ള് ആകാശം....................................................16
പൗരത്വം പൗരത്വം പൗരത്വം....................................................18
കരുതാം നാളേക്കായ്....................................................19
കാക്കയുടെ അസൂയ....................................................21
ക്ക....................................................23
പാളിയ സൂത്രം....................................................24
ദേശീയ ഗാനം....................................................25

# പ്രളയം

പ്രളയമേ നിനക്കു വിട.....
കരുണയററ പ്രകൃതിയെ നിനക്കുമാപ്പ്...
സംഹാരതാണ്ഡവമാടി നീ,ഒഴുകി ഒലിച്ചു നിൻ
അഹന്തയും അതികാരവും
പുതിയൊരു പാഠം ചൊല്ലിനിൻകാതുകളിൽ
പ്രകൃതി, പുതിയൊരു പാഠം
ചൊല്ലി നിൻ കാതുകളിൽ...
ധർമവും ദയയും,നീതിയും സത്യവുമത്
നീ മറന്നീടുകിൽ, ഇതുതന്നെ,ഇതുതന്നെ
ത്തു തളിച്ച് ശുദ്ധമാക്കുവാൻ..
പ്രകൃതിക്ക് നിമിഷങ്ങളേകിവേണ്ടൂ..
ഓർത്തുകളിക്കുക മനുഷ്യനേ നീ
പേടി പൂണ്ടു വിറച്ചു നിൽക്കും..
അതുവേണ്ട,അതുവേണ്ട
വീണ്ടുമൊരു പുതുപ്പുലരി ജനിപ്പൂ..
ഒരുമയോടെ ഒത്തൊരുമയോടെനിൽക്കു...
പ്രപഞ്ചസത്യത്തെ അറിഞ്ഞു ജനിക്കു..
പ്രളയമേ നിനക്കു വിട....
കരുണയററ പ്രകൃതിയെ നിനക്കുമാപ്പ്...
വീണ്ടും അഹിംസയാലെ പോവുകിൽ...
ഓർക്കു...ഓർക്കു...പ്രളയം അതുതന്നെ...

**അനഘ പി**

# മഴ

തോരാതെ പെയ്യുന്ന മഴയേ നീ...

കാലത്തിൻ പുഴ നീളെ...

നീ കാലത്തെഴു പുതുകാററു പോലെ

നീ വരുമ്പോൾ ഞാനും നനഞ്ഞും...

സുന്ദരിയേ നീ കാല സുന്ദരിയേ നീ

പ്രകൃതി കനിഞ്ഞു നീ വായോ...

കാററും കുരവയും കാലവും വേണം

തെന്നലിൻ ഈറനും കാററിൻെറ താളവും

ഒരുമിച്ചു വരുന്ന കാലമേ വായോ

ക്രൂര മേഘങ്ങളെപ്പോലെ വരുന്ന

കരിക്കാറിൻ പൊത്തിലെ മഴ പെരുമയെ

കസവിൻെറ പട്ടുപ്പോലെ ,

നിറങ്ങളുടെ കൂട്ടങ്ങളെ പോലെ

ഇഷ്ടമാലാഖയെ പോലെ

മേടമാസ ഇടവിൽ,സന്തോഷപ്പൂർവ്വം വാവാ...

കുട്ടികളുടെ ഇഷ്ടതോതിനൊത്ത്

കുളിർക്കാററും കൊണ്ട് വായോ

കാററും കുരവയും കാലവും കൊണ്ട്

വേളവും താളവും ഈറനും കൊണ്ട്

കുരിരുട്ടായി,സന്തോഷവുമേറി വായോ

**അനഘ പി**

# ജീവിതം

കിനാവിൻ നിലാ കായലിൽ
തലോടു നിലാ തെന്നലേ
ഇരുളായ് മൂടും വാനിൽ കണ്ടോ
നീ വെൺ നിലാവിനെ
കുളിരിൻറെ പാതയിൽ
ഒഴുകുന്ന വഞ്ചി പോൽ
കാണാത്ത തീരം തേടുന്നു ഞാൻ
നോവാൽ തിങ്ങും മനമാൽ
ആരാരു കാണും എൻ വേദനകൾ
കിനാവാൽ തീരുമോ
ഇരുളാൽ മൂടുമോ
എൻ ജീവിതം ഈ മണ്ണിൽ

**മുഹമ്മദ് നിഹാദ്**

# സുചിത്വവും ആരോഗ്യവും

ഇന്ന് നമ്മുടെ നാട് ആയുരാരോഗ്യത്തിൻറെ കാര്യത്തിൽ ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. പല മഹാമാരികളേയും നാം കീഴടക്കി. ഒരുപാട് മുന്തിയ ആശു പത്രകൾ നമുക്കുണ്ട്. എന്നിരുന്നാലും പുതിയ പുതിയ രോഗങ്ങൾ ഇപ്പോഴും നമ്മെ ഭീതിപ്പെടുത്തിക്കൊണ്ട് തലപൊക്കുന്നു

എന്ത്കൊണ്ടാണിങ്ങനെ? നമുക്ക് എല്ലാസൗകര്യങ്ങളുമുണ്ടായിട്ട് പേടിക്കേണ്ടി വരുന്നത്? കാര്യം വളരെ വ്യക്തം നമ്മുടെ തെറ്റായ ഭക്ഷണ രീതിയും പരിസര സുചിത്തമില്ലായ്മയുമാണ്. എന്ത് തിന്നണം എങ്ങനെ തിന്നണം എപ്പോൾ എത്ര എന്ന കാര്യത്തിൽ നമുക്ക് അഥവാ മലയാളിക്ക് ഒരു ക്രമവുനില്ല ശ്രദ്ധയുമില്ല ഇത് മാറണം നമ്മൾ വിദ്യാഭ്യസമുള്ള സമൂഹമല്ലേ? പരിസര ശുചീകരണത്തിലും നമ്മൾ മോസമാണ്. ഏതായാലും പ്കൃതിയോട് ഇണങ്ങിയുള്ള ജീവിതമാണ് നമുക്ക് നല്ലത് ഇല്ലാഞ്ഞാൽ നിപ്പ കൊറോണ പോലുള്ള പുതിയ ഭീഷണികളെ നാമ നേരിടേണ്ടി വരും. തീർച്ച.

**മുസമ്മിൽ**

# പൗരത്വഭേദഗതി ഞങ്ങൾക്കും പറയാനുണ്ട്

ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത് ജാതിയുടെയും മതത്തിൻറെയും പേരിലുള്ള വേർതിരിവാണ് മനുഷ്യത്വം ഉള്ള ഒരാൾക്കും ഇത് ചെയ്യാൻ കഴിയില്ല ഉമ്മയെയും ഉപ്പയെയും കുട്ടികളെയും വേർ തിരിക്കുക എന്നതാണ് അവരുടെ ഉദ്ദേശം ഇപ്പോഴും തടങ്കൽ പാളയങ്ങൾ നിർമ്മിക്കുന്നുണ്ട് എന്നാണ് കേട്ടത് ജാതിയുടെയും മതത്തിൻറെയും ഭാഷയുടെയും പ്രദേശത്തിൻറെയും പേരിൽ ഒരാളെയും നമ്മൾ അകറ്റി നിർത്താൻ പാടുള്ളതല്ല എല്ലാവർക്കും ഒരേ അവകാശമാണ് ഈ ഭൂമിയിൽ ഉള്ളത് ഏതുതരത്തിലുള്ള അകറ്റി നിർത്തിലുകൾക്കും നമ്മൾ എതിരാണ് ഞങ്ങൾ ഈ ഇന്ത്യയിൽ ഒത്തൊരുമയോടെ ജീവിക്കും ആര് എതിർത്താലും പിൻമാറുകയില്ല

ഫാത്തിമ നസ്റിൻ എം

ശമീഹ ഷിറിൻ ടി കെ

# ഞങ്ങൾക്കും ഇവിടെ താമസിക്കണം

ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്നത് ജാതിയുടെയും മതത്തിൻറെയും പേരിലുള്ള വേർതിരിവാണ് ഒരു ജാതി ഒരു ദൈവം മനുഷ്യന് എന്ന് ശ്രീ നാരായണഗുരു പറഞ്ഞില്ലേ എന്നാൽ ഇന്ന് മനുഷ്യനെ ഹിന്ദു ,ക്രിസ്ത്യൻ,മുസ്ലിം എന്നിങ്ങനെ പല ജാതികളും വിഭാഗങ്ങളുമാക്കി തിരിച്ചിരിക്കുന്നു.മതത്തിൻറെയും ജാതിയുടെയും പേരിൽ ഒരു വേർതിരിവും വിവേചനവും പാടില്ല. നമുക്ക് നമ്മുടെ നാടിനെ അറിയാം നാട്ടുകാരെ അറിയാം പിന്നെ എന്തിനാണ് ഈ വേർതിരിവും വിവേചനവുമൊക്കെ

നമ്മൾ താമസിക്കുന്ന വീടും നാടും എല്ലാം വിട്ടു കൊടുക്കേണ്ടി വരുന്നത് ഒരിക്കലും അനുവദിച്ചു തരാൻ കഴിയില്ല ,അംഗീകരിച്ചു തരാൻ കഴിയില്ല വീടും പറമ്പും ഭാരതവും വിട്ടുതരില്ല എന്തിനാണ് ആസാമിൽ ചെയ്തതുപോലെ മറ്റു സംസ്ഥാനങ്ങളിലും ചെയ്യാനൊരുങ്ങുന്നത്? തടങ്കൽ പാളയം ഉണ്ടാക്കിയത് ആർക്കുവേണ്ടിയാണ്?

മന്ന ജുബിൻ.എം

ഷറിൻ ഷഹാന.പി.സി

ജുസൈന.കെ.കെ

# എൻറെ ഒരു നള്ള് ആകാശം

## കുന്നിക്കുരുവോളം സ്വപ്നമായി

ആകാശത്തോളം വിശാലമായ സ്വപനങ്ങളും ചിന്തകളും നിറഞ്ഞു നിൽക്കുന്ന ലോകം ആ ലോകത്ത് തൻറെ ഒരു കുന്നിക്കുരുവോളം സ്വപ്നവുമായി ഒരു കുഞ്ഞ്, അവളുടെ പേരാണ് അമ്മു അവൾക്ക് വെറും അഞ്ച് വയസ്സ് പ്രായമേ ഉള്ളായിരുന്നു എന്നാൽ അവളുടെ സ്വപ്നം ഒരു അമ്പതുകാരുയുടേതായുരുന്നു. ചെറുപ്പത്തിൽ തന്നെ അച്ഛനെ വിട്ടുപോയ അവളായിരുന്നു അമ്മയുടെ താങ്ങും തണലും തൻറെ അമ്മക്കൊപ്പം ഒരു കൊച്ചു വീട്ടിൽ അവൾ സന്തോഷത്തോടേ കഴിഞ്ഞു.ഓരോ ദിവസവും അവൾ ഉണർന്നിരുന്നത് പുതിയ പുതിയ സ്വപ്നങ്ങളുമായിട്ടായിരുന്നു.അങ്ങനെ കാലങ്ങൽ കടന്നുപോയി അമ്മുവിനെ ഒന്നാം ക്ലാസിൽ ചേർത്തി,ആദ്യ ദിവസം അമ്മയുടെ സാരിത്തുമ്പും പിടിച്ച് അവൾ ജിജ്ഞാസയോടെ സ്ക്രൂൾ വരാന്തയിലേക്ക് കാലെടുത്തുവച്ചു.അമ്മ എപ്പോഴും പറയുമായിരുന്നു സ്വപ്നങ്ങൾ കാണണം അത് നമ്മെ പല വഴിത്തിരിവിലേക്കും എത്തിക്കും അങ്ങനെയുള്ള ആദ്യത്തെ വഴിത്തിരിവായിരുന്നു ആ ദിവസം. പല കുട്ടികളും കരഞ്ഞും മടിപിടിച്ചുമായിരുന്നു ക്ലാസിൽ വന്നത് എങ്കിലും അമ്മുവിന് അതൊന്നുമുണ്ടായിരുന്നില്ല കാരണം അവളുടെ സ്വപ്നം എന്നും അമ്മയായിരുന്നു

അങ്ങനെ ദിവസങ്ങൾ കഴിയും തോറും അവൾ വളർന്ന്കൊണ്ടിരുന്നു അതോടൊപ്പം അവളുടെ സ്വപനങ്ങളും ഓരോ രാത്രിയും അവൾ തൻറെ ചിന്തകൾക്കനുസരിച്ച് പല സ്വപ്നങ്ങളും കാണുമായിരുന്നു മൃങ്ങയുടേയും പ്രാണികളുടേയും ശബ്ദങ്ങൾ കേട്ട് കേട്ട് അവളുടെ കണ്ണുകൾ നിദ്രയിലേക്കാണ്ടു,തൻറെ സ്വപ്നത്തിൽ അവൾ കാണുന്നത് എപ്പോഴും അമ്മയെ മാത്രമാണ്.താമര മൊട്ട് പോൽ വിരിയുന്ന തൻറെ അമ്മയുടെ ചിരിയും കണ്ണും മാത്രമാണ് അവൾ കാണുന്നത്.അവൾ മനസ്സിൽ പ്രാർത്ഥിച്ച്കൊണ്ടിരുന്നു അമ്മയുടെ ചിരി എന്നും നിലനിൽക്കണമെന്ന്.

അവൾ നിദ്രയിൽ നിന്നുണർന്നു, കണ്ണ് തുറന്ന്നോക്കിയപ്പോൾ കാണുന്നത് അമ്മയുടെ ചിരിയാണ്,ആ നയനങ്ങളിലൂടെ അശ്രു പൊഴിയുന്നു. അത് അവളുടെ മനസ്സിനെ വേതനിപ്പിച്ചു, അവൾ അമ്മയോട് ചോദിച്ചില്ല എന്ത്കൊണ്ടാണ് കരയുന്നതെന്ന്,കാരണം അവൾക്കറിയാം അമ്മയുടെ സ്വപ്നങ്ങൾ,അതാണ് അമ്മയുടെ വിഷമം.അമ്മു എന്ന സ്വപ്നം മാത്രമായിരിക്കും ആമനസ്സിൽ നിരഞ്ഞിരുന്നത്. അന്ന്മുതൽ അവൾ അമ്മയുടെ സ്വപ്നങ്ങൾ ക്രുടി തൻറെ മനസ്സിലേക്ക് ചേർത്തി, ആസ്വപ്നങ്ങൾ ഒരു വിഹായസ്സിനേക്കാൾ ഇരട്ടിയായിരുന്നു. അമ്മു അന്നുമുതൽ അമ്മ എന്ന മഹാസാഗരത്തിൽ തൻറെ സ്വപ്നങ്ങളെ തോണിയാക്കി അവൾ പങ്കായം കൊണ്ട് ഓരോന്നോരോന്നായി സാക്ഷാത്കരിക്കാൻ തുടങ്ങി.

ഓരോ ഉറക്കവും പുതിയ പുതിയ കാമ്പുകൾ തേടി ഉത്തേജിപ്പിക്കുവാൻ അവൾ ശ്രമിച്ചു അവളുടെ സ്വപ്നങ്ങൾ കാലങ്ങൾതോറും ആകാശത്തിനേക്കാൾ ഉയർന്നുകൊണ്ടിരുന്നു......

അശ്വതി എ കെ

# പൗരത്വം പൗരത്വം പൗരത്വം

നമ്മളെല്ലാവരും ഒന്നാണ് മതത്തിൻറെയും ജാതിയുടേയും പേരിൽ നമ്മൾ ആരെയും വേർതിരിക്കാൻ പാടില്ല എല്ലാ മതക്കാർക്കും ഇവിടെ പൗരത്വം വേണം, ഒരു ജനാധിപത്യ മതേതര രാഷ്ട്രമാണ് ഇന്ത്യ എന്ന് മറക്കരുത് ബ്രിട്ടീഷുകാരുടെ കൈകളിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത് മഹാത്മാഗാന്ധിയാണ് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഗാന്ധിജി പറഞ്ഞത് ഇങ്ങനെയാണോ? കുറച്ചുകഴിഞ്ഞാൽ മുസ്ലിങ്ങൾ ക്കാർക്കും പൗരത്വം കൊടുക്കരുത് എന്നാണോ ഗാന്ധിജി പറഞ്ഞത്,എല്ലാവർക്കും പൗരത്വം വേണം എല്ലാവരും ഒരുപോലെയാണ് മതം,ജാതി,ദൈവം എന്ന്പേനിവയുടെ പേരിൽ ആരെയും വേർതിരിക്കരുത്. മുസ്ലിങ്ങൾ എന്നെങ്കിലും പറഞ്ഞോ പ്മുരധാനമന്ത്രി മുസ്ലിം തന്നെ വേണമെന്ന് അല്ലെങ്കിൽ ആഭ്യന്തരമന്ത്രി ഒരു മുസ്ലിം വേണമെന്ന് ഞങ്ങൾക്ക് ആരായാലും കുഴപ്പമില്ല,എല്ലാ മനുഷ്യരേയും ഒരു പോലെ കണ്ടാൽ മതി.ഞാൻ ആഭ്യന്തരമന്ത്രിക്ക് നന്ദി പറയുകയാണ് ,കാരണം നിങ്ങൾ ഈ പ്രശ്നം കൊണ്ടുവന്നതു കൊണ്ട് ഇന്ന് എല്ലാവരും ഒറ്റക്കെട്ടായി, ഏതായാലും ഞാൻ ആരോടും വിവേചനം കാണിക്കുകയില്ല നമ്മളെല്ലാവരും ഒന്നാണ്.

**ആബിദ ദിയാന.കെ**

# കരുതാം നാളേക്കായ്

മലയും കുന്നുമിടിക്കരുതേ
മാമരമൊന്നും മുറിക്കരുതേ
പുഴയെ കുരുതികൊടുക്കരുതേ
തണ്ണീർത്തടമതു നികത്തരുതേ
അരുതരുതിങ്ങനെ കാട്ടരുതേ
പ്രകൃതിക്കരിശം കൂടരുതേ
മാമലയങ്ങനെ നിൽക്കട്ടെ
മഴ വെള്ളത്തെ ത്തടയട്ടെ
പുഴയതു നന്നായൊഴുകട്ടെ
വെള്ളം കടലിൽ ചേരട്ടെ
പ്രകൃതിയെ സ്നേഹിച്ചീടുകിലോ
മാനവനിവിടെ വാണീടാം
പ്രകൃതിയെ ദ്രോഹിച്ചീടുകിലോ
എല്ലാം നാശമടഞ്ഞീടും
കരുതിയിരിക്കുക സോദരരേ
കരുതാം നമുക്ക് നാളെക്കായ്

ഫസ്ലിയ

# കാക്കയുടെ അസൂയ

കുറുമ്പി കാക്കയും ചിമ്പൻ കുരങ്ങനും ചങ്ങാതിമാരായിരുന്നു അവർ കിട്ടുന്ന ഭക്ഷണം പങ്കിട്ടെടുക്കാറാണ് പതിവ്,അവരുടെ ഈ സൗഹൃദം മറ്റു കാക്കകൾ ക്കൊന്നും ഇഷ്ടമല്ലായിരുന്നു ,കാക്കയും ചിമ്പുവും ഇതൊന്നും ചിന്തിക്കാറില്ലായിരുന്നു.

അങ്ങനെ മറ്റു കാക്കകൾ ഒരു യോഗം കൂടാൻ തീരുമാനിച്ചു കുറുമ്പി കാക്ക യോടും പങ്കെടുക്കാൻ കാക്കയുടെ തലവൻ പറഞ്ഞു . അവൻ പറഞ്ഞു തുടങ്ങി കുറുമ്പി കാക്ക എങ്ങനെയെങ്കിലും ചിമ്പുവുമായുള്ള സൗഹൃദം ഒഴിവാക്കണം, കാക്ക തലവൻ കുറുമ്പി കാക്കയോട് പറഞ്ഞു നിനക്ക് എന്തെങ്കിലും പറയാനുണ്ടോ കുറുമ്പി കാക്ക പറഞ്ഞുതുടങ്ങി ...ഞാൻ ചിമ്പുവുമായുള്ള ആ സൗഹൃദം തുടരുകതന്നെ ചെയ്യും നിങ്ങൾ എന്തെങ്കിലും ചെയ്തുകൊള്ളൂ ,ഇതുകേട്ട് തലവൻ അല്ലാത്ത എല്ലാ കാക്കകളും കുറുമ്പി യുടെ കൂടെ നിന്നു .ഇതു മനസ്സിലാക്കിയ തലവനും കൂടെ നിന്നു,അതോടെ കാക്കകളുടെ അസൂയക്ക് അറുതിയായി.

മുഷിഫ.കെ.

# രക്തദാനം മഹാദാനം

## രക്ത ഗ്രൂപ്പ് അറിഞ്ഞിരിക്കൂ

## സഹജീവികളുടെ ജീവൻ



രക്ഷിക്കൂ



## സൗജന്യമായി രക്തഗ്രൂപ്പ്

നിർണയം നടത്തുന്നു

**NATURAL CLUB**

**CHMKMHS,IRIVETTY**

**KAVANUR**

# ക്ക

പള്ളിയിയിലെന്നും ബാങ്ക് വിളിക്കും മൊല്ലാക്ക
കുട്ടികൾക്കെന്നും മിഠായി കൊണ്ടോരും കുഞ്ഞാക്ക
അവിയലൊരുക്കാൻ അവശ്യം വേണ്ടത് മുരിങ്ങയ്ക്ക
സാമ്പാറിൽ ചാടികളിക്കും വെണ്ടയ്ക്ക
ജീവകം സി യത് ഏറെ ലഭിക്കും നെല്ലിയ്ക്ക
പിന്നാ പദവി വഹിക്കും പഴമത് പേരയ്ക്ക
ദാഹം ശമിപ്പാൻ എന്നും കേമൻ വത്തയ്ക്ക
നോമ്പു തുറക്കാൻ ഉത്തമമായത് കാരയ്ക്ക
ബിരിയാണിക്ക് ഗുണം മണം ഏകും ജാതിയ്ക്ക
കൈപ്പാണേലും നമ്മൾ കഴിക്കും കൈപ്പയ്ക്ക
ആർക്കും വേണ്ടാതായൊരു പഴമതു പഴഞ്ചയ്ക്ക

**ആഷിക്**

# പാലിയ സൂത്രം

ഒരിക്കൽ ഒരു കുറുക്കൻ കാട്ടിലൂടെ നടക്കുകയായിരുന്നു, അപ്പോൾ ഒരു കോഴിയുടെ ക്രൂവൽ കേട്ടു കുറുക്കൻ കോഴിയുടെ ക്രൂവൽ കേട്ട സ്ഥലത്തേക്ക് നടന്നു അപ്പോഴതാ കോഴി ഒരു വലിയ മരത്തിനു മുകളിൽ ഇരിക്കുന്നു നല്ല മുഴുത്ത തടിച്ച പൂവൻകോഴി ,കൊന്നു തിന്നാൻ കുറുക്കനു വായിൽ വെള്ളമൂറി മനസ്സിൽ പറഞ്ഞു, ഈ കോഴിയെ പിടിച്ചിട്ട് മതി ബാക്കി കാര്യം അവൻ കോഴിയോട് പറഞ്ഞു,കൊക്കര ചേട്ടാ ഇറങ്ങി വന്നാലും നമുക്ക് ചങ്ങാതിമാർ ആകാം കാട്ടിലെ ജീവികൾ പരസ്പരം ആക്രമിക്കില്ല എന്ന കരാർ നീ അറിഞ്ഞിട്ടില്ലേ? പിന്നെ എന്തിന് നീ ഭയക്കണം കുറുക്കൻറെ ഉള്ളിലിരിപ്പ് കോഴിക്ക് മനസ്സിലായി ,തന്നെ കൊന്നു തിന്നാനുള്ള കുറുക്കൻറെ സൂത്രമാണ് ഇത് ,ഇത്രയും ഉയരത്തിൽ കയറാൻ കുറുക്കനു കഴിയില്ല.കോഴി മരത്തിൻറെ മുകളിൽ നിന്ന് ദൂരേക്ക് നോക്കി ആരോ വരുന്നതുപോലെ അഭിനയിച്ചു അപ്പോൾ താഴെ നിന്നും കുറുക്കൻ ചോദിച്ചു ,എന്ത് അപകടമാണ് അവിടെ സംഭവിച്ചത് ?കോഴി പറഞ്ഞു കുറച്ചു വേട്ടപ്പട്ടികൾ വരുന്നുണ്ട് അവ അടുത്തെത്താറായി ട്ടുണ്ട് വേട്ടപ്പട്ടികൾ എന്ന് കേട്ടപ്പോൾ തന്നെ കുറുക്കനും പേടിയായി അവൻ മനസ്സിൽ പറഞ്ഞു എൻറെ കാര്യം തീർന്നതു തന്നെ, കുറുക്കൻ വേഗം ഓടിയൊളിക്കാൻ തുനിഞ്ഞു അപ്പോൾ പൂവൻകോഴി പറഞ്ഞു കാട്ടിലെ ജീവികൾ പരസ്പരം ആക്രമിക്കില്ല എന്നല്ലേ കുറച്ചു മുമ്പ് നീ പറഞ്ഞത് പിന്നെ എന്തിനു ഭയക്കണം? തനിക്കു പറ്റിയ അമളിയിൽ ഇളിഭ്യനായ കുറുക്കൻ ഓടി മറഞ്ഞു ആ തക്കം നോക്കി കോഴി സുരക്ഷിത സ്ഥാനത്ത് പോയി ഒളിച്ചു.

-ഫാത്തിമ മുനവ്വിറ

## ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ

ഭാരത ഭാഗ്യവിധാതാ ,

പഞ്ചാബ സിന്ധു ഗുജറാത്ത് മറാഠാ

ദ്രാവിഡ ഉത്ക്കല ബംഗാ,

വിന്ധ്യഹിമാചല യമുനാ ഗംഗ,

ഉച്ഛല ജലധിതരംഗാ,

തവശുഭ നാമേ ജാഗേ,

തവശുഭ ആശിഷ മാഗേ,

ഗാഹേ തവ ജയഗാഥാ

ജനഗണ മംഗലദായക ജയഹേ

ഭാരത ഭാഗ്യവിധാതാ,

ജയഹേ ജയ്ഹേ ജയഹേ ജയഹേ,

ജയ ജയ ജയ ജയഹേ!